# താല്പര്യ പത്രം

1.Tour Operators for Bharat Darsan and Andaman Trip

**ഭാരതദർശൻ**

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 60 വിദ്യാർത്ഥികളും 5 ഉദ്യോഗസ്ഥരും അടങ്ങുന്ന 65 അംഗസംഘത്തിന് 15 ദിവസം ഇൻഡ്യക്കകത്തെ വിവിധ സ്ഥലങ്ങൾ സന്ദർശിയ്ക്കുന്നതിനുള്ള ഒരു പഠന പര്യടന പദ്ധതിയാണിത്. തിരുവനന്തപുരത്തു നിന്നും ആരംഭിച്ച് കന്യാകുമാരി, മധുര, തഞ്ചാവൂർ, ചെന്നൈ , ഹൈദ്രാബാദ്, കൊണാർക്ക്, പൂരി, കൊൽക്കത്ത, നളന്ദ, ഉത്തർപ്രദേശ്, ഡൽഹി, രാജസ്ഥാൻ, മൗണ്ട് അബു, അഹമ്മദാബാദ്, മുബൈ, ഗോവ, കർണ്ണാടക, വയനാട് വഴി തിരുവനന്തപുരത്ത് തിരിച്ചെത്തുന്നു. പ്രസ്തുത യാത്ര എ.സി. വോൾവോ ബസിലും യാത്രയിലെ താമസം, ഭക്ഷണം, ഫീസുകൾ മറ്റ് അനുബന്ധ ചെലവുകൾ ഉൾപ്പെടെയുള്ള തുകയാണ് അറിയിക്കേണ്ടത്. താമസ സൗകര്യം വിദ്യാർത്ഥികൾക്ക് ഡോർമെറ്ററിയും ജീവനക്കാർക്ക് ഡബിൾ റൂം അക്കോമഡേഷനും ആകാവുന്നതാണ്. കുറഞ്ഞത് 5 വർഷത്തെ പ്രവർത്തി പരിചയവും 10 കോടി രൂപയിൽ കുറയാത്ത വാർഷിക ടേണോവറും ഉള്ള ട്രാവൽ ഏജൻസികൾ മാത്രം അപേക്ഷിച്ചാൽ മതിയാകും. IATA അക്രഡിറ്റേഷനും GST രജിസ്ട്രേഷനും കഴിഞ്ഞ 3 വർഷമായി ആദായ നികുതി റിട്ടേൺ ഉള്ളവരുമായിരിക്കണം. ഗ്രൂപ്പ് യാത്രകൾ സംഘടിപ്പിച്ചുള്ള മുൻ പരിചയം ഉള്ളവരുമായിരിക്കണം

**ആൻഡമാൻ ട്രിപ്പ്**

പട്ടികജാതി വികസന വകുപ്പിലെ തെരഞ്ഞെടുക്കപ്പെട്ട 30 വിദ്യാർത്ഥികളും 5 ഉദ്യോഗസ്ഥരും അടങ്ങുന്ന സംഘത്തെ തിരുവനന്തപുരത്തു നിന്നും ചെന്നൈവരെ എ.സി.വോൾവോ ബസിലും അവിടെ നിന്ന് പോർട്ട്ബ്ളയറിലേക്ക് കപ്പൽ മാർഗ്ഗവും പോർട്ട് ബ്ലെയറും സെല്ലുലാർ ജയിൽ ഉൾപ്പെടെ സമീപ വിനോദ സഞ്ചാര കേന്ദ്രങ്ങളും ദ്വീപുകളും ഉൾപ്പെടെ രണ്ടു ദിവസത്തെ സന്ദർശനവും തിരിച്ച് പോർട്ട് ബ്ലെയറിൽ നിന്നും ചെന്നൈയിലേക്ക് വിമാന മാർഗ്ഗവും ചെന്നൈയിൽ നിന്നും എ.സി വോൾവോ ബസിൽ തിരുവനന്തപുരത്ത് തിരിച്ചും എത്തിക്കേണ്ടതാണ്.

കപ്പൽ, വിമാന യാത്രകൾ എക്കണോമിക് ക്ലാസിൽ മതിയാവുന്നതാണ്. യാത്രയിലെ താമസം, ഭക്ഷണം, ഫീസുകൾ മറ്റനുബന്ധ ചെലവുകൾ ഉൾപ്പെടെയുള്ള തുകയാണ് അറിയിക്കേണ്ടത്. താമസ സൗകര്യം വിദ്യാർത്ഥികൾക്ക് ഡോർമെറ്ററിയും ജീവനക്കാർക്ക്

ഡബിൾ റൂം അക്കോമഡേഷനും ആകാവുന്നതാണ്. കുറഞ്ഞത് 5 വർഷത്തെ പ്രവർത്തി പരിചയവും 10 കോടി രൂപയിൽ കുറയാത്ത വാർഷിക ടേണോവറും ഉള്ള ട്രാവൽ ഏജൻസികൾ മാത്രം അപേക്ഷിച്ചാൽ മതിയാകും. IATA അക്രഡിറ്റേഷനും GST രജിസ്ട്രേഷനും കഴിഞ്ഞ 3 വർഷമായി ആദായ നികുതി റിട്ടേൺ ഉള്ളവരുമായിരിക്കണം. ഗ്രൂപ്പ് യാത്രകൾ സംഘടിപ്പിച്ചുള്ള മുൻ പരിചയം ഉള്ളവരുമായിരിക്കണം

2. To make a short film to advertise the Departmental Scheme Promotion.

**ഷോർട്ട് ഫിലിം**

വകുപ്പ് പ്രവർത്തനങ്ങളെക്കുറിച്ച് 10 ഷോർട്ട് ഫിലിം തയ്യാറാക്കൽ. ഷോർട്ട് ഫിലിമുകളുടെ ദൈർഘ്യം പരമാവധി 2 മിനിട്ടിൽ പരമിതപ്പെടുത്തേണ്ടതാണ്. താഴെച്ചേർത്ത പ്രകാരമുള്ള വിഷയങ്ങളെ ആധാരമാക്കി വേണം ഷോർട്ട് ഫിലം തയ്യാറാക്കേണ്ടത്.

a) സ്വാതന്ത്ര്യാനന്തരം പട്ടികജാതി വിഭാഗക്കാരുടെ മേഖലയിൽ ഉണ്ടായിട്ടുള്ള വികാസ പരിണാമങ്ങൾ, അവരുടെ ജീവിത സാഹചര്യങ്ങളിലും ആവാസ കേന്ദ്രങ്ങളിലും ഉണ്ടായിട്ടുള്ള ഗുണപരമായ മാറ്റങ്ങൾ എന്നിവ ചിത്രീകരിക്കുന്നതായിരിക്കണം ഫിലിം. ഒരു ഹ്യൂമൻ ഇന്ററസ്റ്റ് സ്റ്റോറി ആയി ഇതിനെ വികസിപ്പിക്കാവുന്നതും ചരിത്ര മുഹൂർത്തങ്ങൾ വികസന നാഴിക കല്ലുകൾ,ബഹു.വകുപ്പു മന്ത്രി ഉൾപ്പെടെയുള്ള പ്രഗത്ഭരുടെ സാക്ഷ്യങ്ങൾ എന്നിവ ഉൾപ്പെടുത്താവുന്നതാണ്

b) ഒരു കുഞ്ഞ് ജനിക്കുമ്പോൾ മുതൽ വിദേശ സർവ്വകലാശാലകളിലെ ഉന്നത വിദ്യാഭ്യാസം ഉൾപ്പെടെ ഏറ്റെടുത്തുകൊണ്ട് പട്ടികജാതി വിഭാഗക്കാരുടെ വിദ്യാഭ്യാസ പുരോഗതിയ്ക്കായി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിലൂടെയുള്ള ഒരു ഹ്രസ്വ യാത്രയാണ് ഉദ്യേശിക്കുന്നത്. വിജയ കഥകളും പൊതു സമൂഹ സാക്ഷ്യങ്ങളും മികച്ച സ്ഥാപനങ്ങളും ദൃശ്യവൽക്കരിക്കപ്പെടേണ്ടതാണ്.

c) വകുപ്പ്, പട്ടികജാതി വിഭാഗക്കാരുടെ അടിസ്ഥാന സൗകര്യ മേഖലയിൽ നടത്തി വരുന്ന ഇടപെടലുകളാണ് ഈ ഫിലിമിൽ വരേണ്ടത്. മുൻകാല അവസ്ഥകളെപ്പറ്റിയുള്ള ബ്ലാക്ക് & വൈറ്റ് ദൃശ്യങ്ങളും ആവാസ കേന്ദ്രങ്ങളിലും കോളനികളിലും ഉണ്ടായിട്ടുള്ള ഭൗതീക മാറ്റങ്ങൾ ചിത്രീകരിക്കപ്പെടേണ്ടതാണ്. കോളനി നിവാസികളുടെ അഭിപ്രായങ്ങൾ, ജന പ്രതിനിധികളുടെ അഭിപ്രായങ്ങൾ എന്നിവ ഉൾപ്പെടുത്താവുന്നതാണ്.

d) സാമൂഹ്യ ക്ഷേമ മേഖലയിൽ വകുപ്പ് നടത്തുന്ന ഇടപെടലുകളാണ് ഈ ഫിലിമിന്റെ വിഷയം. ഹ്യൂമൻ ഇന്ററസ്റ്റ് സ്റ്റോറിയായി വികസിപ്പിക്കാവുന്നതും വിവാഹ ധന സഹായം, മിശ്ര വിവാഹ ധന സഹായം, മുതലായ പദ്ധതികളാണ് ഇതുമായി ബന്ധപ്പെട്ട് ചിത്രീകരിക്കപ്പെടേണ്ടത്.

e) പട്ടികജാതി വിഭാഗക്കാർക്കായുള്ള വിവിധ നിയമ പരിരക്ഷകളാണ് ഈ ഹ്രസ്വ ചിത്രത്തിന്റെ പ്രമേയംപട്ടികജാതി വിഭാഗ അതിക്രമങ്ങൾ തടയൽ നിയമം, അതിലെ പ്രധാന വകുപ്പുകൾ ആശ്വാസ ധന സഹായം എന്നിവയ്ക്ക് ഒരു കേസ് സ്റ്റഡിയുടെ പശ്ചാത്തലത്തിൽ ചിത്രികരിക്കേണ്ടതാണ്. .ഇരകൾ, നിയമ പാലകർ, നിയമജ്ഞർ, എന്നിവരുമായുള്ള അഭിമുഖം ഉൾപ്പെടുത്താവുന്നതാണ്.

f) പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ചികിൽസക്കും മറ്റുമായി നൽകുന്ന ആനുകൂല്യങ്ങളാണ് ഇതിന്റെ പ്രതിപാദ്യ വിഷയം.ബഹു. വകുപ്പു മന്ത്രിയുൾപ്പെടെയുള്ള ജന പ്രതിനിധികൾ ,ഗുണഭോക്താക്കൾ എന്നിവരുമായിട്ടുള്ള ഇന്ററാക്ടീവ് സെക്ഷനുകൾ വളരെ ഹൃദയസ്പർശിയായ കേസ് സ്റ്റഡി എന്നിവ ഉൾപ്പെടുത്താവുന്നതാണ്.

g) സ്വയം തൊഴിൽ മേഖലയിൽ വകുപ്പ് നടത്തുന്ന ഇടപെടലുകളാണ് ഇതിലെ പ്രമേയം. വകുപ്പിന്റെ തൊഴിൽ പരിശീലന സ്ഥാപനങ്ങൾ , സ്വയം തൊഴിൽ സബ്സിഡി, സ്റ്റാർട്ട് അപ് ഉൾപ്പെടെയുള്ള ന്യൂതന സാങ്കേതിക വിദ്യ ,മേഖലയിലെ ഇടപെടലുകൾ തൊഴിൽ മേളകൾ എന്നിവയുടെ പശ്ചാത്തലത്തിലുള്ള വിജയ കഥകളായിരിക്കണം മുഖ്യ പ്രമേയം. വിദേശത്ത് മികച്ച തോഴിൽ ലഭിച്ചവരേയും, മികച്ച സംരംഭകരേയും ചിത്രീകരിക്കാവുന്നതാണ്.

h) വകുപ്പിന്റെ വിവിധങ്ങളായ സ്ഥാപനങ്ങൾ, ദൃശ്യ വൽക്കരിക്കുന്നതിനാണ് ഈ ചിത്രത്തിൽ പ്രാമുഖ്യം നൽകേണ്ടത്. പ്രീ മെട്രിക് ഹോസ്റ്റൽ, പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, എം.ആർ എസുകൾ ഐ.ടി.ഐകൾ തുടങ്ങി പാലക്കാട് മെഡിക്കൽ കോളേജു വരെ എത്തിനിൽക്കുന്ന വകുപ്പു സ്ഥാപനങ്ങൾ, മികച്ച മാതൃകകൾ, അന്തേവാസികളുമായുള്ള ഇന്ററാക്ഷൻ തുടങ്ങിയവ ചിത്രീകരിക്കപ്പെടാവുന്നതാണ്.

i) പ്രാദേശിക സർക്കാറുകൾ വഴി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളെ സംബന്ധിച്ചുള്ളവയാണ് ഈ ചിത്രം. ജനകീയാസൂത്രണ പദ്ധതിയുടെ തുടക്കം മുതൽ ഇന്നുവരെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി പട്ടികജാതി വിഭാഗക്കാർക്ക് വികസന പ്രവർത്തനങ്ങളുടെ നേർക്കാഴ്ചയാകണം ചിത്രത്തിൽ. മികച്ച മാതൃകകൾ, ജനപ്രതിനിധികൾ, ജനങ്ങൾ ,

ഉദ്യോഗസ്ഥർ എന്നിവരുമായിട്ടുള്ള ആശയ വിനിമയം ഗ്രാമങ്ങൾ, വാർഡ് മുതലായവയുടെ ചിത്രീകരണം തുടങ്ങിയവ ഇതിന്റെ ഭാഗമായി വരാവുന്നതാണ്.

j) വകുപ്പിന്റെ ഭരണ സംവിധാനത്തെപ്പറ്റിയും വിവിധ തലങ്ങളിലുള്ളവരെപ്പറ്റിയും , നടക്കുന്ന പ്രവർത്തനങ്ങളെപ്പറ്റിയും ഓഫീസ് മേധാവികൾ, ജീവനക്കാർ എന്നിവരുമായുള്ള ആശയ വിനിമയങ്ങളുൾപ്പെടെ ചിത്രീകരിച്ചു കൊണ്ട് ചിത്രം നൽകാവുന്നതാണ്.

**<u>പൊതുവായവ</u>**

എല്ലാ ചിത്രങ്ങളുടെയും ഭാഗമായി, ബന്ധപ്പെട്ട ആനുകൂല്യം ലഭിക്കുന്നതിന് ആരെ സമീപിക്കണമെന്നും, വെബ്സൈറ്റ് അഡ്രസുകളും നൽകേണ്ടതാണ്. വകുപ്പ് മുമ്പ് നടത്തിയിട്ടുള്ള പരിപാടികളുടെ വീഡിയോ, ഫ്ളാഷ് ഫോട്ടോകൾ എന്നിവ ഇതിലേക്ക് ചിത്രീകരണത്തിനായി ഉപയോഗിക്കാവുന്നതാണ്.

## 3. Application invited for Administrator for hand holding cell with Mobile App

**<u>മൊബൈൽ ആപ്പ്</u>**

സങ്കേതിക വിദ്യയിൽ മികച്ചു നിൽക്കുന്ന നമ്മുടെ സമൂഹത്തിൽ യുവാക്കളുടെ വിരൽത്തുമ്പിൽ വകുപ്പിന്റെ പദ്ധതികളെക്കുറിച്ച് സമയാസമയം വിവരങ്ങൾ എത്തിക്കുന്നതിന് ഒരു മൊബൈൽ ആപ്പ് രൂപം കൊടുക്കുവാനാണ് ഉദ്ദേശിക്കുന്നത്.

*ലക്ഷ്യം:*

പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും വികസനം ലക്ഷ്യമാക്കി നടപ്പാക്കി വരുന്ന പദ്ധതികൾ യഥാസമയം അവരിൽ എത്തിക്കുക. പദ്ധതികളുടെ എല്ലാവിധമായ സംശയങ്ങളും പരസഹായമില്ലാതെ നിവർത്തിക്കുക. അപേക്ഷ ഫോറങ്ങളും മറ്റും ഡൗൺലോഡ് ചെയ്തു എടുക്കാൻപറ്റുക. വിദേശത്തും ഇൻഡ്യയിലും ലഭ്യമായ തൊഴിലവസരങ്ങളെക്കുറിച്ചും തുടർ പഠനങ്ങളെക്കുറിച്ചും ബോധവാൻമാരാക്കാനും തൊഴിൽ നേടാനും അവരെ സഹായിക്കുക. പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ വിദ്യാഭ്യാസം നേടിയവരെയും തൊഴിൽനേടിയവരെയും കുറിച്ച് വിവരശേഖരണം നടത്തുക തുടങ്ങി നാനാവിധമായ വിവരങ്ങളും ലഭ്യമാക്കുകയാണ് ഈ ആപ്പ് കൊണ്ട് ഉദ്ദേശിക്കുന്നത്.

തെരഞ്ഞെടുക്കപ്പെടുന്ന അഡ്മിനിസ്ട്രേറ്റർമാർക്ക് M.Tech/ MSc/ MA/തത്തുല്യ യോഗ്യത ഉണ്ടാകണം. വിദേത്ത് പഠനം നടത്തിയ വരും, പട്ടികജാതിയിൽപ്പെട്ടവർക്കും മുൻഗണന കുറഞ്ഞ പ്രായപരിധി 25 വയസ്സ്.